(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) ഗവൺമെൻറ് നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും പൊതു ജനങ്ങൾ നിർവ്വഹിക്കാമെന്ന് സമ്മതിച്ചാൽ പ്രസ്തുത സ്കൂൾ അടുത്ത സ്കൂൾ വർഷം അപ്ഗ്രേഡ് ചെയ്യുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സ്കൂൾ വർഷം അപ്ഗ്രേഡ് ചെയ്യാൻ നിർവ്വാഹമില്ല.

സ്പെഷ്യൽ റിക്രൂട്ടുമെൻറ് അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിലെ നിയമനം

1000 [1612] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെൻറ് അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിൽ (ജനറൽ) ആകെ എത്ര പട്ടികജാതി വർഗ്ഗക്കാരെ നിയമിച്ചു;

(ബി) തസ്തിക തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) 1045 പേരെ.

(ബി)

1.	ഹെഡ്മാസ്റ്റർ(ഹൈസ്കൂൾ)	—	7 ഗസറ്റഡ്
2.	ഡി. ഇ. ഒ.	—	1 ഗസറ്റഡ്
3.	ഹൈസ്കൂൾ അസിസ്റ്റൻറ്	—	269
4.	പ്രൈമറി ടീച്ചർ	—	743
5.	എൽ. ഡി. സി.	—	22
6.	എൽ. ഡി. ടൈപ്പിസ്റ്റ്	—	3
	ആകെ	—	1045

അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കാൻ നടപടി

1001 [1613] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മാടായി എ. ഇ. ഒ. യുടെ പരിധിയിൽപ്പെട്ട ചെറുതാഴം എ. എൽ. പി. സ്കൂളിലും പിലാത്തറ യു. പി. സ്കൂളിലും ജോലിചെയ്തിരുന്ന കെ. കെ. ഇന്ദിരാഭായി എന്ന അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച് ജോലിചെയ്ത കാലത്തെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം വല്ലതും ലഭിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ആദ്യമായി ലഭിച്ച നിവേദനം ഏതു തീയതിയ്ക്കായിരുന്നു;

(സി) അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചു നിവേദനം ആദ്യമായി സർക്കാരിനു ലഭിച്ചത് 3-8-77-ൽ.

(സി) അൺട്രെയിൻഡ് അദ്ധ്യാപികയായി നിയമിക്കാനുള്ള വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാലും നിയമനത്തിനുമുമ്പ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ''നോൺ അവൈലബിലിറ്റി'' സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്കൂൾ മാനേജറൻമാർ വാങ്ങിയിട്ടില്ലാത്തതിനാലും ശ്രീമതി ഇന്ദിരാഭായിയുടെ നിയമനം അംഗീകരിച്ചിട്ടില്ല. നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശമ്പളം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല. ഈ വിവരത്തിന് 8-6-78 ൽ മറുപടിയും കൊടുത്തിട്ടുണ്ട്.

സർവ്വീസ് ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്ന് നിവേദനം

* 1002 [1614] ശ്രീ. ചടയൻഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നന്നിയൂരു നമ്പ്രമാപ്പിള എൽ. പി. സ്കൂളിൽ ജോലിചെയ്തു പെൻഷൻപറ്റി പിരിഞ്ഞ എം. വി. ഫാത്തുക്കുട്ടി എന്ന അദ്ധ്യാപകനിൽനിന്നും തന്റെ 5-1-49 മുതൽ 31-5-49 വരെയുള്ള കാലത്തെ സർവ്വീസ് ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്ന് കാണിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി) ഉണ്ട്. 5-1-49 മുതൽ 31-5-49 വരെയുള്ള ബ്രേക്ക് കണ്ടോൺചെയ്തു കിട്ടണമെന്നുള്ള അപേക്ഷ പരിശോധിക്കുകയും പ്രസ്തുത കാലയളവ് കണ്ടോൺ ചെയ്യാതെതന്നെ മുഴുവൻ പെൻഷനും ശ്രീ. ഫാത്തുക്കുട്ടി അർഹനാണെന്നും കണ്ടതിനാൽ, മേൽപ്പറഞ്ഞ കാലയളവ് കണ്ടോൺ ചെയ്യേണ്ട ആവശ്യമില്ല എന്നുള്ള വിവരം 2-4-1975-ൽ വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ശ്രീ. എം. വി. ഫാത്തുക്കുട്ടിയുടെ പെൻഷൻ രൂപ്തയും വേഗം അനുവദിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള സത്വരനടപടികളും സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly